പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *220 | 19.03.2015 ൽ മറുപടിക്ക്.

ഐ. ടി. തൊഴിൽ മേഖല

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. എളമരം കരീം :<br>ശ്രീ. ടി. വി. രാജേഷ് :<br>ശ്രീ. എ. പ്രദീപ് കുമാർ : | | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) രാജ്യത്തെ പ്രമുഖ വിവര സാങ്കേതികവിദ്യ സ്ഥാപനമായ കൺസൾട്ടൻസ് കമ്പനി കൂട്ടപ്പിരിച്ചുവിടലിന് നീക്കം നടത്തിയ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ഐ.ടി. തൊഴിൽമേഖല നേരിടാനിടയുള്ള ഭീഷണിയെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; | (എ) | ഇത് സംബന്ധിച്ച് ആധികാരികമായി പരിശോധന നടത്തിയിട്ടില്ല. എന്നാൽ ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് എന്ന സ്ഥാപനത്തിലെ പിരിച്ചുവിടലിനെ സംബന്ധിച്ച് അസോസിയേഷൻ ഓഫ് ഐ.റ്റി. എംപ്ലോയീസ് സംസ്ഥാന കമ്മിറ്റി എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മുമ്പാകെ പരാതി നൽകിയിരുന്നു. ടി പരാതിയിൽ യൂണിയനെയും മാനേജ്മെന്റിനെയും ഉൾപ്പെടുത്തി ചർച്ച നടന്നുവരുകയാണ്. പരാതി സംബന്ധിച്ച ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് മാനേജ്മെന്റും യൂണിയനും കൂടുതൽ സമയം ആവശ്യപ്പെട്ടതിനാൽ ചർച്ച 23/03/2015 തീയതിയിലേയ്ക്ക് മാറ്റിവെച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒന്നര ലക്ഷത്തോളം ഐ. ടി. ജീവനക്കാരിൽ എത്രപേർക്ക് ഇ. പി. എഫ്., ഗ്രാറ്റുവിറ്റി, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ; | (ബി) | സംസ്ഥാനത്ത് ആകെ 75585 ഐ. ടി ജീവനക്കാർക്ക് ഇ. പി. എഫ് ൽ അംഗത്വം ഉണ്ട്. |

(സി) ഐ. ടി. മേഖലയിലെ വിവിധ തൊഴിലുകൾക്കുള്ള വിദ്യാഭ്യാസ യോഗ്യത കണക്കിലെടുത്ത് മിനിമം വേതനം നിശ്ചയിക്കാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) സർക്കാരിന്റെ 09/08/2011 ലെ ജി.ഒ.(എം.എസ്) 111/2011 എൽ.ബി.ആർ ഉത്തരവ് പ്രകാരം ഐ.റ്റി മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്.

(ഡി) തൊഴിൽ വകുപ്പിൽ ഐ. ടി. മേഖലയിലെ തൊഴിലാളികളുടെ എത്ര സംഘടനകൾ ട്രേഡ് യൂണിയൻ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

(ഡി) തിരുവനന്തപുരം ജില്ലയിൽ മൂന്നെണ്ണവും തൃശൂർ, എറണാകുളം എന്നീ ജില്ലകളിൽ ഓരോയെണ്ണം വീതവും ട്രേഡ് യൂണിയൻ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ.